LIBRARY ARCHIVES Kerala Legislative Assembly

ബോർഡ്, കേരള സംസ്ഥാന വികലാംഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ഹഡ്കോ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, എൽ.ഐ.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ എന്നും സമാന സ്വഭാവമുള്ള മറ്റ് ഉത്തമർണ്ണ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത മത്സ്യത്തൊഴി ലാളികൾക്ക് കടാശ്വാസം നൽകുന്നതിന് ഉത്തരവായിരുന്നു. ടി സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കടങ്ങളിൽ കടാശ്വാസ കമ്മീഷൻ ലിസ്റ്റ് തയ്യാറാക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇനിയൊരു ആഡിറ്റിംഗ് ആവിശ്യമില്ലെന്നും അതാത് സ്ഥാപനങ്ങളിലെ മേധാവി സാക്ഷ്യപ്പെടുത്തിയാൽ മതിയാകും എന്ന് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റുകൾ അതാത് സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപ്പെടുത്തി ലഭിച്ചാലുടൻ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കതിരൂരിൽ മനോജ് കൊലചെയ്യപ്പെട്ട കേസ്

151 (3783) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കതിരൂരിലെ ബി.ജെ.പി. പ്രവർത്തകൻ മനോജ് കൊലചെയ്യപ്പെട്ട കേസിൽ (780/14) /യു.എ.പി.എ. അൺലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് (യു.എ.പി.എ.)-ന്റെ വ്യവസ്ഥകൾ ചേർത്തതിന്റെ കാരണം എന്തായിരുന്നു ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് പോലീസിന് ലഭിച്ച ആദ്യവിവരം എന്തായിരുന്നു ; ആ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് പ്രാഥമികമായി അന്വേഷണം നടത്തിയതിനുശേഷമാണോ യു.എ.പി.എ. വ്യവസ്ഥകൾ ചേർത്തത് ; വിശദമാക്കാമോ ;

(സി) തുടർന്നുള്ള അന്വേഷണത്തിൽ ആദ്യവിവരം ശരിയായിരുന്നു എന്ന നിഗമനത്തിലെത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് എടുത്തത് സംബന്ധിച്ച പരാതിയിൻമേലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; ആരാണ് അന്വേഷിക്കുന്നത്; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത കേസിൽ ബോംബ് സ്ഫോടനം നടത്തി ജനങ്ങൾക്ക് ഭീതി ജനിപ്പിക്കുകയും ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയും മറ്റൊരാളെ വെട്ടിക്കൊല പ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തതിനാലാണ് യു.എ.പി.എ. വകുപ്പുകൾ ചേർക്കുവാൻ ഇടയായത്.

(ബി) പ്രതികൾ സംഘം ചേർന്ന് ബോംബെറിഞ്ഞ് സ്ഥലത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയും മറ്റൊരാളെ വെട്ടിക്കൊലപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു എന്നുള്ളതാണ് ആദ്യ വിവരം. ഈ വിവരം അനുസരിച്ചാണ് മേൽ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തത്. നേരിട്ടെടുക്കാവുന്ന കുറ്റം സംബന്ധിച്ച് ലഭിച്ച വിവരം ആകയാൽ പ്രാഥമിക അന്വേഷണം നടത്തേണ്ടതില്ല.

(സി) തുടർന്നുള്ള അന്വേഷണത്തിൽ യു.എ.പി.എ. ചേർക്കുവാനുള്ള കാരണം ഉചിതമായിരുന്നുവെന്ന് ബോദ്ധ്യമായിട്ടുണ്ട്.

(ഡി) യു.എ.പി.എ. വ്യവസ്ഥകൾക്ക് വിരുദ്ധമായി കേസ് എടുത്തു എന്നാരോപിച്ച് പരാതി ലഭിച്ചിട്ടില്ല. ടി കൊലപാതകം സംബന്ധിച്ച കേസ് ഇപ്പോൾ സി.ബി.ഐ.-ക്ക് കൈമാറിയിട്ടുള്ളതാണ്.

ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരണം

152 (3784) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ജില്ലാ ക്രൈം ബ്രാഞ്ച് രൂപീകരിക്കണമെന്ന തീരുമാനം കൈക്കൊണ്ട് 17-6-2014 -ലെ GO (MS) No. 124/14 പ്രകാരം ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ; എങ്കിൽ ആയത് ഏതു വിധത്തിൽ പ്രായോഗികമാക്കുവാനാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ജില്ലാ ക്രൈംബ്രാഞ്ചിലെ ഓരോ യൂണിറ്റിനും രണ്ട് സർക്കിൾ ഇൻസ്പെക്ടർമാരെക്കൂടി നിയമിക്കുന്നതിന് തീരുമാനിച്ചുവോ ; ജില്ലാ ക്രൈം ഡിറ്റാച്ചുമെന്റിൽ സർക്കിൾ ഇൻസ്പെക്ടർമാരുടെ അനുവദനീയ തസ്തിക നിലവിലുണ്ടോ ; ഇല്ലായെങ്കിൽ ഈ വിഭാഗം പോലീസ് ഉദ്യോഗസ്ഥരെ എങ്ങനെ നിയമിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;